(സി) നാനൂറു കിടക്കകളുള്ള ആശുപത്രി വാർഡിന്റെ കെട്ടിടം പണി മിക്കവാറും പൂർത്തിയായിട്ടുണ്ട്.

(ഡി) ഒ.പി. ബ്ലോക്ക്, ഓപ്പറേഷൻ തിയേറ്റർ, വാട്ടർ സപ്ലൈ തുടങ്ങിയ സൗകര്യങ്ങൾകൂടി സജ്ജീകരിച്ചാലുടൻ രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയും.

(ഇ) സ്റ്റാഫ് ക്വാർട്ടേഴ്സ്, റേഡിയോ തെറാപ്പി യൂണിറ്റ് എന്നിവയുടെ കെട്ടിട നിർമ്മാണങ്ങളും നിലവിലുള്ള ഡിപ്പാർട്ടുമെന്റുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് അറ്റകുറ്റപ്പണികളും നടന്നുവരുന്നു.

160 (1520) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ മരണം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റായ ഡോ. സുധാ സജീവിന്റെ അലസതകൊണ്ടും അവഗണനകൊണ്ടും ഗർഭിണിയായ തന്റെ ഭാര്യ ഷീജ മരിക്കുവാനിടയായി എന്ന് ആരോപിച്ച് മാരാരിക്കുളം വടക്ക് പഞ്ചായത്തിൽ 2-ാം വാർഡിൽ അരൈശ്ശേരി മംഗലത്ത് സജി 6.7.98-ൽ വകുപ്പുമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പരാതിയെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണത്തിൽ വെളിവായ സംഗതികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രസ്തുത പരാതിയെ സംബന്ധിച്ച് ആരോഗ്യവകുപ്പിലെ വിജിലൻസ് അഡീഷണൽ ഡയറക്ടറെക്കൊണ്ട് അന്വേഷണം നടത്തി.

ഡോ. സുധാ സജീവന്റെയോ മറ്റു ആശുപത്രി ജീവനക്കാരുടെയോ ഭാഗത്തുനിന്നും ശ്രീമതി ഷീജയുടെ ട്രീറ്റ്മെന്റിലോ മാനേജ്മെന്റിലോ അനാസ്ഥ ഉള്ളതായി ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടില്ല.

161 (1521) വയനാട്ടിൽ നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ സർക്കാർ മേഖലയിൽ നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) എന്നുമുതൽ ഈ സ്ഥാപനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

162 (1522) കേശവപുരം ഗവൺമെന്റ് ആശുപത്രിയിലെ ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ കേശവപുരം ഗവൺമെന്റ് ആശുപത്രിയിൽ നിലവിലുള്ള ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ നിലവിലുള്ള ബെഡ്ഡുകളുടെ അപര്യാപ്തതമൂലം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും മറ്റു സൗകര്യങ്ങൾ വിപുലീകരിക്കുവാനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾ 26 കിടക്കകളാണ് നിലവിലുള്ളത്. എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി)&(സി) കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ജില്ലാതല ആശുപത്രികൾവരെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തന വികസനച്ചുമതല ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആശുപത്രിയുടെ വികസനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നിർദ്ദിഷ്ട ബ്ലോക്കു പഞ്ചായത്ത് ഏർപ്പെടുത്തുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

163 (1523) പി.എച്ച്.സി. കെട്ടിടങ്ങളുടെ പണി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കൽ, കുളത്തൂർ, പരണിയം, കൊല്ലയിൽ എന്നിവിടങ്ങളിൽ പി.എച്ച്.സി. കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിക്കാതിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ ഫർണിച്ചറും സ്റ്റാഫും നൽകി ഇക്കൊല്ലംതന്നെ ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ടി പി.എച്ച്.സി.കൾ ഒരു ഡോക്ടറുടെ തസ്തിക മാത്രം നിലവിലുള്ള മിനി പി.എച്ച്.സി.കളാണ്. ഇവിടങ്ങളിൽ ഐ.പി. പ്രവർത്തിക്കുന്നില്ല. എന്നാൽ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. പുതുതായി പണികഴിപ്പിച്ച കെട്ടിട

LIBRARY ARCHIVES Kerala Legislative Assembly